# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെഎസ്.ഡി 7/671/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 07/10/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെഎസ്.ഡി 7/671/2023 തീയ്യതി: 07/10/2023

# കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. രേഖ ആർ | ഡെപ്യൂട്ടി ഡയറക്ടർ | 24-07-2023 | 02-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-07-2023 | 02-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വിനോദ് കുമാർ വി, ഓഡിറ്റ് ഓഫീസർ
ശ്രീ. കുഞ്ഞികൃഷ്ണൻ കെ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജനാർദ്ദനൻ സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഹരി വേണുഗോപാലൻ കെ വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മുരളി പയ്യങ്ങാനം | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ജയൻ. പി | സെക്രട്ടറി | 01-04-2022 | 01-11-2022 |
| ശ്രീ. ഷാജി സി (അസി. സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-11-2022 | 14-11-2022 |
| ശ്രീ. അനിൽ കുമാർ. എൻ | സെക്രട്ടറി | 15-11-2022 | 25-03-2023 |
| ശ്രീ. ദീപ ജി (അസി. സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-03-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷാജി സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 10-11-2022 |
| ശ്രീ. രാമചന്ദ്രൻ സി (അക്കൗണ്ടന്റ്) | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ് | 10-11-2022 | 21-11-2022 |
| ശ്രീമതി ദീപ ജി | അസിസ്റ്റന്റ് സെക്രട്ടറി | 22-11-2022 | 31-03-2023 |
| ശ്രീ. ഗണേശൻ കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുനിത ഇ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുറ്റിക്കോൽ സർക്കിൾ) | 01-04-2022 | 31-03-2023 |
| ശ്രീമതി സുനിത ഇ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഇൻ ചാർജ് (ബന്തടുക്ക സർക്കിൾ) | 01-04-2022 | 12-05-2022 |
| ശ്രീ. വിപിൻ കുമാർ സി വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബന്തടുക്ക സർക്കിൾ) | 12-05-2022 | 06-02-2023 |
| ശ്രീമതി സുനിത ഇ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഇൻ ചാർജ് (ബന്തടുക്ക സർക്കിൾ) | 06-02-2023 | 31-03-2023 |
| ശ്രീമതി ജൂലി അലെക്സ് | കൃഷി ഓഫീസർ | 01-04-2022 | 05-08-2022 |
| ശ്രീമതി വിനോദിനി എ | കൃഷി ഓഫീസർ | 05-08-2022 | 31-03-2023 |
| ശ്രീമതി സഹല. പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. അഞ്ജു പി രാമചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. ലേഖ ഡി എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 11-04-2022 |
| ഡോ. ജിതിൻരാജ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 11-04-2022 | 20-08-2022 |
| ഡോ.അഞ്ജലി എം ജോർജ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 20-08-2022 | 31-03-2023 |
| ഡോ.സുബ്രായ കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീമതി വിനീത കുമാരി വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. ജയകൃഷ്ണൻ വി | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. കൃഷ്ണപ്പ ബി ജി | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. ജിജോ മോൻ വി സി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 05-05-2022 |
| ശ്രീ. ഷിജു എ എ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 06-05-2022 | 02-08-2022 |
| ശ്രീമതി രമ്യശ്രീ പി വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 03-08-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തെറ്റ് | 1-1-2 |
| 4 | Excess Of Income Over Expenditure- ബാലൻസ് ഷീറ്റിലേക്ക് ക്യാരി ഓവർ ചെയ്യതിൽ പിശക് | 1-1-3 |
| 5 | ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്കുകൾ നാലു വർഷം പിന്നിട്ടിട്ടും കളക്ഷൻ ആയിട്ടില്ല. | 1-1-4 |
| 6 | Prepaid Programme Expense എന്ന കണക്കിൽ തുക അപൂർണം | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല. | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | സേവനങ്ങൾ നൽകുന്നതിന് നിയമ പ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല. | 1-10 |
| 18 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് | 1-11 |
| 19 | ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം തുടരുന്നു | 1-12 |
| 20 | തനത് വരുമാനം- അവലോകനം | 1-13 |
| 21 | കേരള സാമൂഹ്യ സുരക്ഷ മിഷനു വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-14 |
| 22 | വിവിധ കുടിവെള്ള പ്രവൃത്തികൾക്ക് ഭൂജല വകുപ്പിൽ തുക നിക്ഷേപിച്ചത്. | 1-15 |
| 23 | ജീവനക്കാരുടെ ഓണം അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല. | 1-16 |
| 24 | ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ. | 1-17 |
| 25 | ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ | 1-18 |

| | | |
|---|---|---|
| | സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | |
| 26 | ഹോമിയോ ഡിസ്പെൻസറികളിലേക്ക് മരുന്ന് വാങ്ങുന്നതിനായി മുൻകൂർ തുക നൽകിയിട്ടും മരുന്ന് ലഭ്യമാക്കിയിട്ടില്ല. | 1-19 |
| 27 | തുടർ സാക്ഷരത പദ്ധതി- പഠിതാക്കൾക്ക് കോഴ്സ് ഫീസ് നൽകിയതിന്റെ ധന വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല. | 1-20 |
| 28 | വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-21 |
| 29 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-22 |
| 30 | തെയ്യം കലാകാരന്മാർക്ക് വാദ്യോപകരണങ്ങൾ വാങ്ങൽ അപാകതകൾ | 1-23 |
| 31 | ബ്ലോക്ക് ഡയാലിസിസ് യൂണിറ്റിന് ഗ്രാമപഞ്ചായത്ത് വിഹിതം നല്കൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-24 |
| 32 | ടി ആർ 7എ മാതൃകയിലുള്ള ക്യാഷ്ബുക്ക് സൂക്ഷിക്കുന്നില്ല | 1-25 |
| 33 | കേരള ഭൂജല വകുപ്പിൽ ൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു | 1-26 |
| 34 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവ് ചെയ്യേണ്ട നികുതികൾ കുറവ് ചെയ്തതായി കാണുന്നില്ല. | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 06.07.2023 ലെ 6/3 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 11.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൽഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൽഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
07/10/2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തെറ്റ്

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activities ആയി രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 Excess Of Income Over Expenditure- ബാലൻസ് ഷീറ്റിലേക്ക് ക്യാരി ഓവർ ചെയ്തതിൽ പിശക്

2022-23 ലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം Excess Of Income Over Expenditure 59,97,263 രൂപയാണ്. എന്നാൽ 31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്ത് ജനറൽ ഫണ്ടിലേക്ക് ക്യാരി ഓവർ ചെയ്ത തുക 1,36,93,974 രൂപയാണ്. ഇക്കാര്യം വിശദീകരിക്കപ്പെട്ടിട്ടില്ല.

1-1-4 ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്കുകൾ നാലു വർഷം പിന്നിട്ടിട്ടും കളക്ഷൻ ആയിട്ടില്ല.

കുറ്റിക്കോൽ സർവീസ് സഹകരണ ബാങ്കിലെ 2774 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ച, റസീറ്റ് വൗച്ചർ നം 118010500052/22.03.2019 പ്രകാരമുള്ള 7,250 രൂപയുടെ ചെക്ക് നാളിതു വരെ കളക്ഷൻ ആയിട്ടില്ല. 31.03.2023 ലെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലും ഈ ചെക്ക് Cheques Deposited But Not Cleared എന്ന കണക്കിൽ പെടുത്തിയിട്ടുണ്ട്.
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ 974 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ച, റസീറ്റ് വൗച്ചർ നം 118010500019/11.09.2018 പ്രകാരമുള്ള 7,500 രൂപയുടെ ചെക്ക് നാളിതു വരെ കളക്ഷൻ ആയിട്ടില്ല. 31.03.2023 ലെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലും ഈ ചെക്ക് Cheques Deposited But Not Cleared എന്ന കണക്കിൽ പെടുത്തിയിട്ടുണ്ട്.

1-1-5 Prepaid Programme Expense എന്ന കണക്കിൽ തുക അപൂർണം

31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം 330500201-Secured Loan From KURDFC എന്ന കണക്കിൽ 4,37,29,983 രൂപ ബാദ്ധ്യതയുണ്ട്. എന്നാൽ തത്തുല്യമായ ആസ്തി ഹെഡിൽ (440500101-Prepaid Programme Expense ) 4,36,09,983 രൂപ മാത്രമേ ചേർത്തിട്ടുള്ളൂ.

1-1-6 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.

31.03.2023 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B7പ്രകാരം വിവിധ ഹെഡുകളിലായി 8,47,012 രൂപയുടെ ഡെപ്പോസിറ്റുകളും ഷെഡ്യൂൾ B18 പ്രകാരം 17,23,107 രൂപയുടെ അഡ്വാൻസുകളും നിലവിലുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് |
|---|---|---|

| | | പ്രകാരം |
|---|---|---|
| തീരുമാനം നമ്പർ/ തീയ്യതി | 1/1, 28/03/2022 | 27/1 , 28/02/2023 |
| മുന്നിരിപ്പ് | 4943894 | 17710142 |
| വരവ് | 256339000 | 273051686 |
| ആകെ | 261282894 | 290761828 |
| ചെലവ് | 256808683 | 285817934 |
| നീക്കിയിരിപ്പ് | 4474211 | 4943894 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2022-23 |
| മുന്നിരിപ്പ് | 19920936 |
| വരവ് | 73226096 |
| ആകെ | 93147032 |
| ചെലവ് | 73909579 |
| നീക്കിയിരിപ്പ് | 19237453 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 34,17,964/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതു വിഭാഗം | 0 | 1,68,93,591 | 1,68,93,591 | 1,68,93,591 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4,46,648 | 4,46,648 | 4,46,648 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 60,38,585 | 60,38,585 | 60,38,585 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 54,68,724 | 54,68,724 | 54,68,724 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,04,01,199 | 1,04,01,199 | 1,04,01,199 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - (അൺടൈഡ് – ബേസിക്) | 8,32,762 | 36,01,364 (പലിശ 2,23 364 രൂപ | 44,34,126 | 22,57,632 | 21,76,494 |

| | | | | | |
|---|---|---|---|---|---|
| ബാങ്ക് | | സഹിതം) | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - (അൺടൈഡ് – ബേസിക്) – ട്രഷറി | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - (ടൈഡ് )- ബാങ്ക് | 40,40,819 | 50,67,000 | 91,07,819 | 44,25,598 | 46,82,221 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - (ടൈഡ് ) – ട്രഷറി | 0 | 20,72,482 | 20,72,482 | 20,72,482 | 0 |
| <u>ബി ഫണ്ട്</u><br>(വിവിധ പെൻഷൻ/ തൊഴിലില്ലായ്മാ വേതനം ഉൾപ്പെടെ) | 0 | 4,14,42,320 | 4,14,42,320 | 4,14,42,320 | 0 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) | 1,00,044 | 11,00,093 | 12,00,137 | 11,00,093 | 1,00,044 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 5,644 | 14,70,000 | 14,70,000 | 14,70,000 | 5,644 |
| <u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u> | | | | | |
| തൊഴിലുറപ്പ് പദ്ധതി | 0 | 6,73,13,215 | 6,73,13,215 | 6,73,13,215 | 0 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 23,14,270 | 17,11,688 | 40,25,958 | 8,50,893 | 31,75,065 |
| പൈക്ക | 4,86,202 | 13,261 | 4,99,463 | 0 | 4,99,463 |
| നാഷണൽ ഹെൽത്ത് മിഷൻ | 0 | 6,62,998 | 6,62,998 | 2,12,998 | 4,50,000 |
| ടോട്ടൽ സാനിറ്റേഷൻ ക്യാമ്പയിൻ | 57,20,120 | 0 | 57,20,120 | 57,20,120<br>തനതു ഫണ്ടിലേക്ക് റീക്രൂപ്പ് ചെയ്തു | 0 |
| പി.എച്ച്.സി കൾക്ക് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ സപ്പോർട്ട് | 0 | 3,54,444 | 3,54,444 | 0 | 3,54,444 |
| പി.എച്ച്.സി കളെ ആരോഗ്യ സ്വാസ്ഥ്യ കേന്ദ്രങ്ങൾ ആക്കാനുള്ള ഗ്രാന്റ് | 0 | 2,12,998 | 2,12,998 | 0 | 2,12,998 |
| <u>സംസ്ഥാനാവിഷ്കൃത പദ്ധതികൾ</u> | | | | | |
| സാക്ഷരത | 16,928 | 0 | 16,928 | 0 | 16,928 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 16,40,756 | 1,160 | 16,41,916 | 1,160 | 16,40,756 |
| കോർപ്പസ് ഫണ്ട് | 34,41,785 | | 34,41,785 | | 34,41,785 |

| | | | | | |
|---|---|---|---|---|---|
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 0 | 1,41,40,000 | 1,41,40,000 | 1,09,70,000 | 31,70,000 |
| ലൈഫ് പദ്ധതി വായ്പ | 0 | 2,39,90,000 | 2,39,90,000 | 2,38,70,176 | 11,98,824 |
| മറ്റ് സ്കീമുകൾ | 2,00,000 | 0 | 2,00,000 | 0 | 2,00,000 |

1) വികസന ഫണ്ട് - പൊതുവിഭാഗം സ്രോതസിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 2322532/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസന ഫണ്ട് - എസ്.സി.പി സ്രോതസിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 97648/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസന ഫണ്ട് - ടി.എസ്.പി സ്രോതസിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 3006095/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.
4) മേൽ വരവു ചെലവുകൾ കൂടാതെ തൻവർഷം ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 1,24,76,000 രൂപ വരവുണ്ട്. ഈ തുക മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
5) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൻവർഷം തൊഴിലാളികളുടെ അക്കൗണ്ടുകളിലേക്ക്
6,54,74,255 രൂപ നേരിട്ട് നൽകിയിട്ടുണ്ട്. ഈ തുക മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 235 | 153948916 | 166 | 102264803 | - | 69 | 70.64 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 38 | 14649020 | 23 | 10293231 | 70.27 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 2420563 | 2 | 144500 | 5.97 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 106 | 48060192 | 86 | 30772125 | 64.03 |
| 4 | കൃഷി ഓഫീസർ | 10 | 3362845 | 10 | 2797060 | 83.18 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21 | 63211538 | 18 | 44306953 | 70.09 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 5736149 | 7 | 4835057 | 84.29 |
| 7 | വെറ്ററനറി സർജ്ജൻ | 8 | 4667000 | 2 | 760000 | 16.28 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 800000 | 1 | 800000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 7 | 2722591 | 4 | 2087188 | 76.67 |
| 10 | മെഡിക്കൽ ഓഫീസർ -ഹോമിയോ | 2 | 300000 | 2 | 300000 | 100 |
| 11 | പ്രധാനാധ്യാപകൻ | 22 | 5275018 | 8 | 2930062 | 55.55 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 2400000 | 1 | 1968627 | 82.03 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 344000 | 2 | 270000 | 78.49 |
| | ആകെ | 235 | 153948916 | 166 | 102264803 | 66.43 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 18,38,960 | 18,38,960 | 18,38,960 | 0 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 6,54,74,255 | 6,54,74,255 | 6,54,74,255 | 0 |
| | 0 | 6,73,13,215 | 6,73,13,215 | 6,73,13,215 | 0 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 229 പദ്ധതികളുൾപ്പെടുന്ന 40,81,08,184/-രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 833 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 1,58,590 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 451 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 2103600 | 193 |
| വിധവാപെൻഷൻ | 12788200 | 1206 |
| വാർദ്ധക്യകാലപെൻഷൻ | 21664800 | 2094 |
| വികലാംഗപെൻഷൻ | 4336200 | 405 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 548800 | 51 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2023 തീയ്യതിയിൽ 2.25 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യാഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 4442/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം | ഒഴിഞ്ഞുകിടക്കുന്നത് |
|---|---|---|---|
| 1 | സെക്രട്ടറി | 1 | 0 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 | 0 |
| 3 | ഹെഡ് ക്ലാർക്ക് | 1 | 0 |
| 4 | അക്കൗണ്ടന്റ് | 1 | 0 |
| 5 | സീനിയർ ക്ലാർക്ക് | 3 | 0 |
| 6 | ക്ലാർക്ക് | 3 | 1 |
| 7 | ഓഫീസ് അസിസ്റ്റന്റ് | 1 | 0 |
| 8 | പി.റ്റി.എസ് | 1 | 0 |
| 9 | ഡ്രൈവർ | 1 | 0 |
| ആകെ | | 13 | 1 |

ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തിക്കിട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കരാർ നിയമനം

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | ടെക്നിക്കൽ അസിസ്റ്റന്റ് | 1 |

| | | |
|---|---|---|
| 2 | പ്രോജക്ട് അസിസ്റ്റന്റ് | 1 |
| 3 | അക്രഡിറ്റഡ് എഞ്ചിനീയർ (എം.ജി.എൻ.ആർ.ഇ.ജി.എസ്) | 1 |
| 4 | ഓവർസിയർ (എം.ജി.എൻ.ആർ.ഇ.ജി.എസ്) | 2 |
| 5 | ഡാറ്റ എന്റ്റി ഓപ്പറേറ്റർ | 3 |
| ആകെ | | 8 |

യോഗ വിവരങ്ങൾ

| ക്രമ നമ്പർ | കമ്മിറ്റി | ഓഡിറ്റ് കാലയളവിൽ ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഭരണ സമിതി | 35 |
| 2 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 12 |
| 3 | വികസന സ്റ്റാന്റിംഗ് കമ്മിറ്റി | 16 |
| 4 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 15 |
| 5 | ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി | 12 |
| 6 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം | 7 |
| 7 | സ്റ്റാഫ് മീറ്റിംഗ് | 9 |

ഭരണ സമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും നിയമപരമായ ഇടവേളകളിൽ യോഗം ചേരുകയും പ്രസക്തമായ വഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഭരണ സമിതിയുടെ യോഗ തീരുമാനങ്ങൾ പൂർമമായും വികസന/ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്ട്സ് ഭാഗികമായും സകർമയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികളുടെ യോഗങ്ങൾക്ക് മിനുട്ട്സ് പുസ്തകം എഴുതി സൂക്ഷിച്ചിട്ടുണ്ട്.

തനതു വരുമാനം

തനതു വരുമാനം പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. എന്നിരുന്നാലും തനതു വരുമാന വർദ്ധനവിനായി ശ്രദ്ധ പുലർത്തേണ്ട മേഖലകൾ സംബന്ധിച്ച് ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-10, 1-13 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗുണഭോക്താക്കളുടെ മരണ ശേഷവും പെൻഷൻ വിതരണം-

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഗുണഭോക്താക്കളുടെ മരണ ശേഷവും അവരുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ തുകകൾ വിതരണം ചെയ്തതായുള്ള കണ്ടെത്തലുകൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം വീഴ്ചകകൾ ഒഴിവാക്കുന്നതിനുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനം നിലവിൽ വരുത്തേണ്ടതാണ്.

വിനിയോഗ സാക്ഷ്യപത്രങ്ങൾ-

പദ്ധതി നിർവഹണത്തിന്റെ ഭാഗമായി മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കായി വലിയ തുകകൾ ഡെപ്പോസിറ്റ്/ മുൻകൂർ ആയി നൽകിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതികളുടെ നിർവഹണം/ മുൻകൂർ നൽകിയ തുകകളുടെ വിനിയോഗം എന്നിവയുടെ വിവരങ്ങൾ

പഞ്ചായത്തിന്റെ പക്കൽ ലഭ്യമല്ല. ഈ സാഹചര്യത്തിൽ ചെലവു ചെയ്ത തുകകളുടെ ഗുണഫലം യഥാസമയം ജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ഡെപ്പോസിറ്റ്/ മുൻകൂർ തുക നൽകിയുള്ള പ്രോജക്ടുകളുടെ നിർവഹണത്തിന്റെ കാര്യത്തിൽ പഞ്ചായത്തിന്റെ ഇടപെടലുകൾ ഉണ്ടാവുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

മരുന്നുകൾ ലഭിക്കുന്നതിൽ കാലതാമസം-

പൊതുജനാരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി മുൻകൂർ തുകകൾ നൽകിയാലും മരുന്നുകൾ ലഭ്യമാക്കുന്നതിൽ കാലതാമസവും വീഴ്ചയും വരുത്തുന്നതായി ശ്രദ്ധയിൽ പെട്ടു. പൊതു ജനങ്ങളുടെ ആരോഗ്യത്തിന്റെ വിഷയമായതിനാൽ ആവശ്യമുള്ള സമയത്ത് തന്നെ ആവശ്യപ്പെട്ടിരിക്കുന്ന മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

ഭവനനിർമാണം/പുനരുദ്ധാരണം- പ്രവൃത്തിയിൽ കാലതാമസം-

ലൈഫ് ഭവനപദ്ധതി, വീടുകൾ മെച്ചപ്പെടുത്തൽ പദ്ധതി എന്നിവയിലെ കാലതാമസം ഈ ഓഡിറ്റ് റിപ്പോർട്ടിൽ വിവരിച്ചിട്ടുണ്ട്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വീട് നിർമാണത്തിലെ തടസ്സം കണ്ടെത്തി ഉചിതമായ രീതിയിൽ ഇടപെട്ട് നിർമാണം പൂർത്തിയാക്കി പ്രോജക്ട് ഫലപ്രദമായി നിർവഹിക്കാനുള്ള ഇടപെടൽ ഉദ്യോഗസ്ഥ തലത്തിലും ഭരണസമിതി തലത്തിലും ഉണ്ടാവേണ്ടതുണ്ട്.

1-10 സേവനങ്ങൾ നൽകുന്നതിന് നിയമ പ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200 (2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരെയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് (Code No 230100101) | 3,83,507 |
| വാട്ടർ ചാർജ്ജ് (Code No 230110101) | 7,15,072 |
| ആകെ | 10,98,579 |

ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-11 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച്

ഗ്രാമ പഞ്ചായത്ത് പരിധിയിൽ 5/478 കെട്ടിട നമ്പറിൽ റിലയൻസ് കമ്മ്യൂണിക്കേഷന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ വസ്തു നികുതി വിവിധ വർഷങ്ങളിലായി പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം വരെ കുടിശ്ശികയായ 78,271/- രൂപയും തൻവർഷ കുടിശ്ശികയായ 8,269/-രൂപയും ഉൾപ്പെടെ ആകെ 86,540/-രൂപയാണ് കുടിശ്ശികയായി നിലവിലുള്ളത്. ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 10 തീയ്യതി 29.07.2023)

1-12 ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം തുടരുന്നു

1) 2022, 2023 വർഷങ്ങളിലെ ഡെത്ത് രജിസ്ട്രേഷൻ രേഖകളിൽ നിന്നും ലഭിച്ച ആധാർ വിവരങ്ങൾ സേവന സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ആനുകൂല്യം കൈപ്പറ്റിയിരുന്ന ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും അവരുടെ അക്കൗണ്ടുകളിലേയ്ക്ക് പെൻഷൻ തുക അനുവദിച്ച് വരുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി, രജി. നം | മരണപ്പെട്ട ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | തുക |
|---|---|---|---|---|
| മുകുന്ദ മണിയാണി | 111960201649 | 13.04.2022, 64/2022 | 05/2022, 06/2022 | 3200 |
| ലളിത എസ് റായ് | 111960201667 | 20.03.2022, 55/2022 | 04/2022 മുതൽ 06/2022 വരെ | 4800 |
| അബ്ദുൾ ഖാദർ എം എ | 111960200881 | 29.03.2022, 41/2022 | 04/2022മുതൽ 03/2023വരെ | 19200 |
| എം കുഞ്ഞികൃഷ്ണൻ | 111960100180 | 30.01.2022, 32/2022 | 02/2022മുതൽ 09/2022വരെ | 12800 |
| ഗോപാലൻ | 111960202636 | 27.02.2022, 29/2022 | 03/2022മുതൽ 06/2022വരെ | 6400 |
| വെങ്കമ്മ | 111960600531 | 25.12.2021, 01/2022 | 01/2022മുതൽ 06/2022വരെ | 9600 |
| ആകെ | | | | 56000 |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷം അവരുടെ അക്കൗണ്ടുകളിലേയ്ക്ക് അനുവദിക്കപ്പെട്ട പെൻഷൻ തുക തിരികെ ഈടാക്കി ഡി.ബി.റ്റി സെല്ലിലേയ്ക്ക് ഒടുക്കുവാൻ നടപടികൾ

സ്വീകരിച്ച് തുക ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷപെൻഷൻ വാങ്ങിവരുന്ന മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ, പരിശോധിച്ച് മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുവാനും, മരണ ശേഷം തുക അനുവദിച്ച കേസുകളിൽ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

കർഷക പെൻഷൻ

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി, രജി. നം | മരണപ്പെട്ട ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | തുക |
|---|---|---|---|---|
| മേരി ജോസഫ് | 2220354785 | 27.11.2022, 128/2022 | 12/2022 മുതൽ 03/2023വരെ | 6400 |
| രുക്മയ്യ ഗൗഡ | 2220354768 | 11.09.2022, 105/2022 | 10/2022മുതൽ 03/2023വരെ | 9600 |
| ജോസഫ് | 2220319466 | 28.08.2022, 96/2022 | 09/2022 മുതൽ 03/2023വരെ | 11200 |
| കുശലപ്പ | 2220319474 | 24.06.2022, 79/2022 | 07/2022, 08/2022 | 3200 |
| കുട്ടി നായ്ക്ക് | 2220316248 | 21.04.2022, 50/2022 | 05/2022, 06/2022 | 3200 |
| ആകെ | | | | 33600 |

മേൽ വിഷയം പരിശോധിച്ച് ഇക്കാര്യം മരണപ്പെട്ടവരുടെ ബന്ധുക്കളെ അറിയിച്ച് അനർഹമായി അനുവദിച്ച കർഷക പെൻഷൻ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കർഷകപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട നടപടികൾ കൃഷി ഭവൻ മുഖേന സ്വീകരിക്കുന്നതിനാൽ കൃഷി ഭവൻ മുഖേന കർഷക പെൻഷൻ വാങ്ങിവരുന്ന മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ ഗ്രാമ പഞ്ചായത്തിൽ ശേഖരിച്ച് മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുവാനും, മരണ ശേഷം തുക അനുവദിച്ച കേസുകളിൽ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 06 തീയ്യതി 27.07.2023)

1-13 തനത് വരുമാനം- അവലോകനം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

വസ്തുനികുതി

സർക്കാരിന്റെ 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ

ശുപാർശയോടെ 09.05.2023 തീയ്യതിയിലെ ഭരണ സമിതി യോഗത്തിൽ 15/1 നം. തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള വസ്തുനികുതി പരിഷ്ക്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടില്ല. ഡാറ്റാ പ്യൂരിഫിക്കേഷൻ സൗകര്യം സഞ്ചയ സോഫ്റ്റ്‌വേയറിൽ ലഭ്യമല്ലാത്തതിനാൽ ആയത് പൂർത്തീകരിച്ചിട്ടില്ല.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ വിവരശേഖരണം നടത്തി തൊഴിൽനികുതി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയത് പരിശോധിക്കുകയോ അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം കണക്കാക്കി സ്ഥാപനത്തിന് നോട്ടീസ് നൽകി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല.

വിനോദനികുതി

പഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ,പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും വിനോദസഞ്ചാരസാധ്യതകൾ ഉള്ള ത.സ്വ.ഭ സ്ഥാപനങ്ങളിൽ സിപ്പ് ലൈൻ (റോപ്പ് വേ), ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. ആയതിനാൽ തന്നെ പഞ്ചായത്തിന് വിനോദനികുതി ഇനത്തിൽ വരുമാനമില്ല.

1-14 കേരള സാമൂഹ്യ സുരക്ഷ മിഷന വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നം, പേര് | 131/2023- കേരള സാമൂഹ്യ സുരക്ഷാമിഷന പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | 1,00,000/- (തനതു ഫണ്ട്) |
| ചെലവ് | 1,00,000/- (ചെക്ക് നം. 5290966 തിയ്യതി 26.12.2022 ) |

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ കേരള സാമൂഹ്യ സുരക്ഷാമിഷന പഞ്ചായത്ത് വിഹിതം നൽകൽ പദ്ധതിക്കായി ( പ്രൊജക്ട് നം. 131/2023) തനതു ഫണ്ടിൽ നിന്നും ചെക്ക് നം. 5290966 തിയ്യതി 26.12.2022 പ്രകാരം 1,00,000/- രൂപ പിൻവലിച്ച് കേരള സാമൂഹ്യ സുരക്ഷാമിഷന്റെ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് (അക്കൗണ്ട് നം. 701011400000134).

ടി തുക ഫലപ്രദമായി വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീതി എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ ചെലവ് തുക 1,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 09 തീയ്യതി 27.07.2023)

1-15 വിവിധ കുടിവെള്ള പ്രവൃത്തികൾക്ക് ഭൂജല വകുപ്പിൽ തുക നിക്ഷേപിച്ചത്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾക്കായി താഴെപ്പറയുന്ന ബില്ല് പ്രകാരം കാസർഗോഡ് ഭൂജല വകുപ്പിൽ തുക നിക്ഷേപം നടത്തിയിട്ടുണ്ട്.

1) പ്രൊജക്ട് നം.S0263/23

ബിൽ നം.184/ 09.01.2023 -RS. 54,280/-

ഫണ്ട് - വികസന ഫണ്ട് ( ധനകാര്യ കമ്മീഷൻ അവാർഡ് )

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ചോനോക്ക് കോളനിയിൽ കുടിവെള്ള പദ്ധതിക്കായി 54,280/- രൂപ കാസർഗോഡ് ജില്ലാ ഭൂജല വകുപ്പ് ഓഫീസറുടെ അക്കൗണ്ടിലേക്ക് നിക്ഷേപം നടത്തിയിട്ടുണ്ട്.(അക്കൗണ്ട് നം.67304078476) കാസർഗോഡ് ജില്ലാ ഭൂജല വകുപ്പ് ഓഫീസർ സമർപ്പിച്ച കത്ത് നം.ജി.ഡബ്ല്യൂ.കെ/1038/22. തീയ്യതി .16.12.2022 പ്രകാരമാണ് തുക നിക്ഷേപം നടത്തിയത്.

2) പ്രൊജക്ട് നം.S0262/23

ബിൽ നം.182/ 09.01.2023 -RS. 1,71,960/-

ഫണ്ട് - വികസന ഫണ്ട് ( ധനകാര്യ കമ്മീഷൻ അവാർഡ് )

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി അവളി കുടിവെള്ള പദ്ധതിയുടെ സ്റ്റേജ് 1, സ്റ്റേജ് 2 എന്നീ പ്രവൃത്തികൾക്കായി 1,71,960/- രൂപ കാസർഗോഡ് ജില്ലാ ഭൂജല വകുപ്പ് ഓഫീസറുടെ അക്കൗണ്ടിലേക്ക് നിക്ഷേപം നടത്തിയിട്ടുണ്ട്.(അക്കൗണ്ട് നം.67304078476) കാസർഗോഡ് ജില്ലാ ഭൂജല വകുപ്പ് ഓഫീസർ സമർപ്പിച്ച കത്ത് നം.ജി.ഡബ്ല്യൂ.കെ/1038/22. തീയ്യതി

.16.12.2022 പ്രകാരമാണ് തുക നിക്ഷേപം നടത്തിയത്.

3) പ്രൊജക്റ്റ് നം.SO260/23

ബിൽ നം.181/ 09.01.2023 -RS. 4,00,000/-

ഫണ്ട് - വികസന ഫണ്ട് ( ധനകാര്യ കമ്മീഷൻ അവാർഡ് )

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി കൊരക്കോൽ കുടിവെള്ള പദ്ധതിയുടെ സ്റ്റേജ് 2 പ്രവൃത്തിക്കായി 4,00,000/- രൂപ കാസർഗോഡ് ജില്ലാ ഭൂജല വകുപ്പ് ഓഫീസറുടെ അക്കൗണ്ടിലേക്ക് നിക്ഷേപം നടത്തിയിട്ടുണ്ട്.(അക്കൗണ്ട് നം.67304078476) കാസർഗോഡ് ജില്ലാ ഭൂജല വകുപ്പ് ഓഫീസർ സമർപ്പിച്ച കത്ത് നം.ജി.ഡബ്ല്യൂ.കെ/1038/22. തീയ്യതി .16.12.2022 പ്രകാരമാണ് തുക നിക്ഷേപം നടത്തിയത്.

4) പ്രൊജക്റ്റ് നം.SO261/23

ബിൽ നം.183/ 09.01.2023 -RS. 8,22,440/-

ഫണ്ട് - വികസന ഫണ്ട് ( ധനകാര്യ കമ്മീഷൻ അവാർഡ് )

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി കൊളം കുടിവെള്ള പദ്ധതിയുടെ പ്രവൃത്തിക്കായി 8,22,440/- രൂപ കാസർഗോഡ് ജില്ലാ ഭൂജല വകുപ്പ് ഓഫീസറുടെ അക്കൗണ്ടിലേക്ക് നിക്ഷേപം നടത്തിയിട്ടുണ്ട്.(അക്കൗണ്ട് നം.67304078476) കാസർഗോഡ് ജില്ലാ ഭൂജല വകുപ്പ് ഓഫീസർ സമർപ്പിച്ച കത്ത് നം.ജി.ഡബ്ല്യൂ.കെ/1038/22 തീയ്യതി 16.12.2022 പ്രകാരമാണ് തുക നിക്ഷേപം നടത്തിയത്.

മേൽ പദ്ധതികൾക്കായി ആകെ 14,48,680/- രൂപ കാസർഗോഡ് ജില്ലാ ഭൂജല വകുപ്പിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1) ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത ഈ പ്രവൃത്തികൾ പൂർത്തികരിച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദീകരിക്കേണ്ടതാണ്.

1)മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് 31.07.2023 തീയ്യതിയിൽ ഓഡിറ്റ് എൻക്വയറി (നമ്പർ-16) നൽകുകയും ആയതിന് മറുപടി ലഭ്യമാക്കുകയുണ്ടായി. മറുപടിയിൽ ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള ടി പ്രവൃത്തികൾ 2023-24 സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതാണ് എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത് ആതിനാൽ പദ്ധതി പൂർത്തീകരണം സംബന്ധിച്ച വിശദമായ റിപ്പോർട്ടും, വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 14,48,680/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-16 ജീവനക്കാരുടെ ഓണം അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല.

ചെക്ക് നമ്പർ.1026314 തീയ്യതി.01.09.2022, Rs.1,00,000/-

ചെക്ക് നമ്പർ.1026314 തീയ്യതി.01.09.2022, Rs.20,000/-

സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും 2022 ലെ ഓണം അഡ്വാൻസായി 20,000/-രൂപ 30.08.2022തീയ്യതിയിലെ സ.ഉ.(അച്ചടി)നം.100/2022/ധന പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അഡ്വാൻസ് തുക അഞ്ച് തുല്യമാസ ഗഡുക്കളായി 2022 ഒക്ടോബർ മാസം മുതലുള്ള ശമ്പളത്തിൽ നിന്നും ഈടാക്കി തിരികെ ഒടുക്കേണ്ടതുമാകുന്നു. കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന 6 ജീവനക്കാർക്ക് ഓണം അഡ്വാൻസ് ഇനത്തിൽ 20,000/-രൂപ വീതം ആകെ 1,20,000/-രൂപ അനുവദിച്ച് നൽകിയതിന്റെയും ക്രമീകരിക്കാൻ

ബാക്കിയുള്ള തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | അനുവദിച്ച തുക | ക്രമീകരിച്ച തുക | ക്രമീകരിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | ജയൻ.പി | സെക്രട്ടറി | 20,000/- | 12,000 | 8,000 |
| 2 | ഷാജി.സി | അസി.സെക്രട്ടറി | 20,000/- | 20,000 | Nil |
| 3 | സുനിൽ കുമാർ.വി.എൻ | സീനിയർ ക്ലർക്ക് | 20,000/- | 16,000 | 4,000 |
| 4 | രാജി.ജി | സീനിയർ ക്ലർക്ക് | 20,000/- | 20,000 | Nil |
| 5 | ജോസ് തോമസ് | ഡ്രൈവർ ഗ്രേഡ് -1 | 20,000/- | 16,000 | 4,000 |
| 6 | വിമല.എച്ച് | ഓഫീസ് അറ്റൻഡന്റ് | 20,000/- | 12,000 | 8,000 |
| | | | | ആകെ | 24,000/- |

മേൽ പട്ടികയിലെ ജീവനക്കാരിൽ നിന്നും 24,000/-രൂപ ക്രമീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 01.08.2023 തീയ്യതിയിൽ ഓഡിറ്റ് എൻക്വയറി (നമ്പർ-18) നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുക ക്രമീകരിക്കുന്നത് വരെ 24,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

1-17 ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ.

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,

കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് ഭവന പദ്ധതിയ്ക്കായി നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ ചുവടെ ചേർത്ത പ്രകാരം 4,21 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം. 82/23 -(SCP -SO) | 6,60,000/- |
| പ്രോജക്ട് നം. 80/23 -(GEN-SO) | 14,36,263/- |
| പ്രോജക്ട് നം. 77/23 -(GEN-SO) | 21,40,100/- |
| പ്രോജക്ട് നം. 81/23-(TSP -SO) | 57,29,675/- |
| പ്രോജക്ട് നം. 78/23-(TSP -SO) | 57,40,000/- |
| പ്രോജക്ട് നം. 108/23 -(GEN-NEW) | 52,74,062/- |
| പ്രോജക്ട് നം. 103/23 -(GEN-NEW) | 25,14,600/- |
| പ്രോജക്ട് നം. 85/23-(TSP -NEW) | 79,86,000/- |
| പ്രോജക്ട് നം. 86/23-(TSP -NEW) | 88,40,000/- |
| പ്രോജക്ട് നം. 111/23-(SCP -NEW) | 3,25,000/- |

| | |
|---|---|
| പ്രോജക്ട് നം. 106/23 -(GEN-NEW) | 6,30,000/- |
| പ്രോജക്ട് നം. 109/23 -(GEN-NEW) | 4,20,000/- |
| പ്രോജക്ട് നം. 110/23 -(GEN-NEW) | 4,80,000/- |
| ആകെ | ₹4,21,75,700/- |

ലൈഫ് ഭവനപദ്ധതിയിൽ ധനസഹായം കൈപ്പറ്റിയ 73 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്<br>എസ്.ടി ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | മാധവി കൃഷ്ണൻ അമ | 5,00,000/- | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 2 | സതീശൻ.എം.കെ | 5,00,000/- | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 3 | ഗോപി.എൻ | 2,80,000/- | ഭിത്തി |
| 4 | കരുണാകരൻ | 2,80,000/- | ഭിത്തി |
| 5 | ഭാസ്കരൻ. എച്ച്. | 90,000/- | തറ നിരപ്പ് |
| 6 | ഗംഗാധരൻ.എച്ച് | 90,000/- | തറ നിരപ്പ് |
| 7 | കൈക്കളൻ.എച്ച് | 1,70,000/- | തറ നിരപ്പ് |
| 8 | ജാനകി ഭായ് | 1,70,000/- | ലിന്റൽ |
| 9 | ശാന്ത.എച്ച് | 90,000/- | തറ നിരപ്പ് |
| 10 | നാരായണി.എച്ച് | 90,000/- | തറ നിരപ്പ് |
| 11 | ലക്ഷ്മി | 90,000/- | തറ നിരപ്പ് |
| 12 | ചോമു.എച്ച് | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 13 | ജാനകി.എച്ച് | 90,000/- | തറ നിരപ്പ് |
| 14 | കാരിച്ചി എച്ച് | 90,000/- | തറ നിരപ്പ് |
| 15 | മണി.കെ.ടി | 90,000/- | തറ നിരപ്പ് |
| 16 | നാരായണി | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 17 | ശ്രീധരൻ | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 18 | സുമതി. | 90,000/- | തറ നിരപ്പ് |
| 19 | ബാബു | 90,000/- | തറ നിരപ്പ് |
| 20 | സുശീല | 90,000/- | തറ നിരപ്പ് |
| 21 | അനീഷ്.എച്ച് | 90,000/- | തറ നിരപ്പ് |
| 22 | ഷൈലജ.എം | 1,70,000/- | ലിന്റൽ |
| 23 | ശാരദ കെ.എച്ച് | 1,70,000/- | ഭിത്തി |
| 24 | രതീഷ്.കെ.എം | 90,000/- | തറ നിരപ്പ് |
| 25 | ലക്ഷ്മി.കെ | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 26 | ജാനകി.എച്ച് | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 27 | സരോജിനി | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 28 | സുശീല.കെ | 90,000/- | തറ നിരപ്പ് |
| 29 | കല്യാണി.എച്ച്. | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |

| | | | |
|---|---|---|---|
| 30 | കറുമ്പൻ.എച്ച് | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 31 | പ്രേമ | 5,00,000/- | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 32 | ഭാസ്കരൻ.ആർ | 3,90,000/- | മേൽക്കൂര |
| 33 | ദിനേശൻ | 5,00,000/- | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 34 | മൈല നായ്ക്ക് | 5,40,000/- | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 35 | ശശീധരൻ | 5,00,000/- | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 36 | പാർവ്വതി | 90,000/- | തറ നിരപ്പ് |
| 37 | സുമതി | 5,00,000/- | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 38 | റാണി | 5,00,000/- | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 39 | മിനി ബാബു | 5,00,000/- | മേൽക്കൂര |
| 40 | അനിത വേണു | 5,00,000/- | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 41 | ശാലിനി ജയൻ | 4,00,000/- | മേൽക്കൂര |
| 42 | കാരിച്ചി | 2,80,000/- | മേൽക്കൂര |
| 43 | ബിന്ദു എ.സി | 2,80,000/- | മേൽക്കൂര |
| 44 | കല്യാണി. | 1,30,000/- | ഭിത്തി |
| 45 | സുമതി | 1,30,000/- | തറ നിരപ്പ് |
| 46 | ജാനകി | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 47 | നരമ്പൻ | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 48 | നാരായണൻ | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 49 | വെള്ളച്ചി | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 50 | യമുന ഭായ് | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 51 | മാലിങ്ക നായ്ക്ക് | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 52 | പൊന്നമ്മ | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 53 | എലുമ്പൻ | 1,30,000/- | തറ നിരപ്പ് |
| 54 | ബാലൻ എൻ | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 55 | നാരായണി | 90,000/- | തറ നിരപ്പ് |
| 56 | ഉഷ മോളു നായ്ക്ക് | 2,80,000/- | മേൽക്കൂര |
| 57 | ജയന്തി | 90,000/- | തറ നിരപ്പ് |
| 58 | ശാന്ത | 90,000/- | തറ നിരപ്പ് |
| 59 | ലീല | 1,70,000/- | തറ നിരപ്പ് |
| 60 | പാർവ്വതി | 1,70,000/- | തറ നിരപ്പ് |
| 61 | രേഷ്മ | 1,70,000/- | തറ നിരപ്പ് |
| 62 | ബാലൻ.ഡി | 80,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 63 | ജയരാമ | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 64 | കമ്മാടത്തി | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 65 | അനീഷ് കുമാർ | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 66 | സുശീല | 90,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| | എസ്.സി ഗുണഭോക്താക്കൾ | | |

| | | | |
|---|---|---|---|
| 67 | ഉക്രൻ | 40,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 68 | സേതു | 40,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 69 | ഹരീഷ് | 2,40,000/- | ഭിത്തി |
| 70 | ആനന്ദ | 2,60,000/- | ഭിത്തി |
| | ജനറൽ ഗുണഭോക്താക്കൾ | | |
| 71 | സുലോചന.ഒ | 40,000/- | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 72 | ഉഷ | 40,000/- | തറ നിരപ്പ് |
| 73 | സെലീനാമ്മ | 80,000/- | തറ നിരപ്പ് |

ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനും, നിർമ്മാണം പൂർത്തീകരിച്ചിട്ടും തുടർ ഗഡുക്കൾ നൽകാത്തവർക്ക് പ്രസ്തുത തുക ലഭ്യമാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും,പൂർത്തീകരണ വിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം. 19. തീയ്യതി 01.08.2023)

## 1-18 ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | S0091/23 |
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം ന് പഞ്ചായത്ത് വിഹിതം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ) - 1,00,000/-രൂപ |
| ചെലവ് തുക | 88,090/-രൂപ |
| ബിൽ റഫറൻസ് നമ്പർ, തീയതി | 222009520027008700999. തീയ്യതി.06.12.2022,Rs.88,090/- |

കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ട് നം.S0091/23 പദ്ധതി പ്രകാരം ഇൻഫർമേഷൻ കേരളാ മിഷന് ഗ്രാമ പഞ്ചായത്ത് വിഹിതമായി 88,090/-രൂപ നൽകിയിട്ടുണ്ട്. (അക്കൗണ്ട് നം.799010100348424). പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12 തീയ്യതി 31.07.2023) ലഭ്യമാക്കിയ മറുപടിയിൽ ഐ.കെ.എം ജില്ലാ ഓഫീസിൽ റിപ്പോർട്ട് സമർപ്പിച്ചത് പ്രകാരം 2019-20 വർഷം വരെയുള്ള ധനവിനിയോഗ സാക്ഷ്യപത്രം മാത്രമെ ലഭ്യമാക്കിയിട്ടുള്ളുവെന്നും 2022-23 വർഷത്തെ ഓഡിറ്റ് പൂർത്തിയായതിന് ശേഷം മാത്രമെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുവെന്നുമാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ പദ്ധതി പ്രകാരമുള്ള തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 88,090/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-19 ഹോമിയോ ഡിസ്പെൻസറികളിലേക്ക് മരുന്ന് വാങ്ങുന്നതിനായി മുൻകൂർ തുക നൽകിയിട്ടും മരുന്ന് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>ഗവ.ഹോമിയോ ഡിസ്പെൻസറി ബന്തടുക്ക |
| പ്രോജക്ട് നം. | SO170/23, SO176/23, |
| പ്രോജക്ടിന്റെ പേര് | ബന്തുക്ക, മാനടുക്കം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് ( നോൺ റോഡ് ) |
| അടങ്കൽ | 3,00,000/- ( 2,00,000 + 1,00,000 ) |
| ചെലവ് തുക | 3,00,000/- |
| ബിൽ റഫറൻസ് നമ്പർ, തീയതി | 22200952007101030246 തീയ്യതി.11.01.2023, Rs.2,00,000/-<br>22200952007101030246 തീയ്യതി.11.01.2023, Rs.1,00,000/- |

2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രൊജക്ട് നം. SO170/23, SO176/23 എന്നിവ പ്രകാരം ബന്തുക്ക, മാനടുക്കം ഹോമിയോ ഡിസ്പെൻസറികളിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡ് ആലപ്പുഴ എന്ന സ്ഥാപനത്തിന് മേൽ ബില്ലുകൾ പ്രകാരം മുൻകൂറായി 3,00,000/-രൂപ നൽകിയിട്ടുണ്ട് (അക്കൗണ്ട് നം.34306403911). എന്നാൽ നാളിതുവരെയായി മേൽ സ്ഥാപനം മരുന്നുകൾ ഒന്നും തന്നെ ഡിസ്പെൻസറിയിലേക്ക് വിതരണം ചെയ്തിട്ടില്ല. അടിയന്തിരമായി മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മരുന്നുകളുടെ ഇൻവേയ്സ് രേഖകളും, മരുന്ന് സ്റ്റോക്കിൽ എടുത്തതിന്റെ രേഖകളും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05 തീയ്യതി 27.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആതിനാൽ പദ്ധതി പ്രകാരമുള്ള തുകയുടെ മരുന്നുകൾ ലഭ്യമാക്കിയതിന്റെ ഇൻവേയ്സ് രേഖകളും, മരുന്നുകൾ സ്റ്റോക്കിൽ എടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 3,00,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-20 തുടർ സാക്ഷരത പദ്ധതി- പഠിതാക്കൾക്ക് കോഴ്സ് ഫീസ് നൽകിയതിന്റെ ധന വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. | SO202/23 |
| പ്രോജക്ടിന്റെ പേര് | തുടർ സാക്ഷരത |
| അടങ്കൽ | തനത് ഫണ്ട് - 1,00,000/- |
| ചെലവ് തുക | 97,650/- |
| ചെക്ക് നമ്പർ, തീയതി | 1022013 തീയ്യതി. 25.01.2023 |

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതി പ്രകാരം( പ്രോജക്ട് നം. SO202/23) സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന ഭാഷാകോഴ്സായ ഗുഡ് ഇംഗ്ലീഷ് കോഴ്സിൽ ചേർന്ന 25 പഠിതാക്കൾക്കും, പത്താംതരം തുല്യത കോഴ്സിൽ ചേർന്ന 19 പഠിതാക്കൾക്കും, ഹയർ സെക്കൻഡറി തുല്യത കോഴ്സിൽ ചേർന്ന 5 പഠിതാക്കൾക്കും കോഴ്സ് ഫീ നൽകുന്നതിന് വേണ്ടി 97,650/-രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്

(അക്കൗണ്ട് നം.38444973881). കോഴ്സ് ഫീസ് ഇനത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് കൈമാറിയ 97,650/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് 27.07.2023 തീയ്യതിയിൽ ഓഡിറ്റ് എൻക്വയറി (നമ്പർ-08) നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആതിനാൽ പദ്ധതി പ്രകാരമുള്ള തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 97,650/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-21 വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,

പ്രോജക്ട് നം. S079/23 - വീട് വാസയോഗ്യമാക്കൽ (ജനറൽ)

ഫണ്ട് - തനത് ഫണ്ട്

ചെലവ് - ₹-12,25,000/-

| | |
|---|---|
| ചെക്ക് നം, തീയ്യതി | 1021819, തീയ്യതി. 24.05.2022, Rs.2,50,000/- |
| | 5290947, തീയ്യതി. 28.06.2022,Rs.2,50,000/- |
| | 5290952, തീയ്യതി.30.07.2022, Rs.2,00,000/- |
| | 5290955, തീയ്യതി.28.08.2022, Rs.1,75,000/- |
| | 1026473, തീയ്യതി. 21.10.2022, Rs.1,25,000/- |
| | 1026748, തീയ്യതി.10.11.2022, Rs.75,000/- |
| | 1026878, തീയ്യതി.08.12.2022, Rs.50,000/- |
| | 1022003, തീയ്യതി.13.01.2023 Rs.25,000/- |
| | 1022811, തീയ്യതി.31.03.2023, Rs.25,000/- |
| | 1022811, തീയ്യതി. 31.03.2023,Rs.25,000/- |
| | 1022811, തീയ്യതി.31.03.2023, Rs.25,000/- |
| ആകെ | 12,25,000/- |

കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന വീട് വാസയോഗ്യമാക്കൽ (ജനറൽ) പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 4 ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിനായി ആദ്യ ഗഡുവായി 25,000/-രൂപ (യൂണിറ്റ് കോസ്റ്റ് ₹50,000/) താഴെപറയും പ്രകാരം അനുവദിച്ചിട്ടുണ്ട്. ചുവടെ കൊടുത്തിരിക്കുന്ന പട്ടികയിലെ ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്ന പ്രവൃത്തിക്കായി ആദ്യ ഗഡുവായ 25,000/-രൂപ നൽകിയിട്ടും നിർമ്മാണം പൂർത്തിയാക്കാത്തതായി ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടുകയുണ്ടായി.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|

| | | |
|---|---|---|
| 1 | ചാപ്പില.വി, കണ്ണൻ.വി<br>കുറ്റിക്കോൽ വീട് | 25,000 |
| 2 | ഓമന W/o (L) നാരായണൻ<br>തണ്ടരംബര | 25,000 |
| 3 | അമ്മാളു ബി, കുറ്റിക്കോൽ | 25,000 |
| 4 | ജോഷി സേവ്യർ<br>S/o പി.വി.സേവ്യർ<br>പുന്നേലികുന്നേൽ, വേട്ടിയാടി | 25,000 |

ഗുണഭോക്താക്കൾക്ക് ആദ്യ ഗഡുവായ 25,000/-രൂപ നൽകിയിട്ടും നിർമ്മാണം പൂർത്തിയാക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് 02.08.2023 തീയ്യതിയിൽ ഓഡിറ്റ് എൻക്വയറി (നമ്പർ-21) നൽകിയതിന് 02.08.2023 ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ഹാജരാക്കുകയുണ്ടായി. മറുപടിയിൽ ചാപ്പില.വി, ഓമന W/o (L) നാരായണൻ എന്നീ ഗുണഭോക്താക്കളുടെ വാല്യുവേഷൻ പ്രകാരമുള്ള തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

അമ്മാളു ബി കുറ്റിക്കോൽ എന്ന ഗുണഭോക്താവിന്റെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചു എന്ന് അറിയിപ്പ് ലഭിച്ചത് പ്രകാരം വാല്യുവേഷൻ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് കൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ജോഷി സേവ്യർ എന്ന ഗുണഭോക്താവിന്റെ എഗ്രിമെന്റ് നടപടികൾ പൂർത്തീകരിച്ച് 25,000/-രൂപ അഡ്വാൻസ് നൽകിയിട്ടുള്ളതാണ് .ശ്രീ. ജോഷി സേവ്യർ എന്ന ഗുണഭോക്താവ് നാളിതുവരെയായും വീട് വാസയോഗ്യമാക്കൽ പ്രവൃത്തി ആരംഭിച്ചതായോ പൂർത്തീകരിച്ചതോ ആയ വിവരങ്ങൾ കിട്ടാത്ത സാഹചര്യത്തിൽ 2022-23 വർഷത്തിൽ തന്നെ വീട് പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ഫണ്ട് തിരിച്ചടക്കാനുള്ള അറിയിപ്പ് 20.03.2023 ന് രേഖാമൂലം നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആതിനാൽ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത ശ്രീ. ജോഷി സേവ്യർ S/o പി.വി.സേവ്യർ പുന്നേലികുന്നേൽ എന്ന ഗുണഭോക്താവിന് അനുവദിച്ച തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ അമ്മാളു ബി കുറ്റിക്കോൽ എന്ന ഗുണഭോക്താവിന്റെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത ഗുണഭോക്താക്കൾ ആദ്യ ഗഡു തുക കൈപ്പറ്റിയിട്ടും വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിക്കുന്നതുവരെ 50,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

2022-23 വർഷം വിവിധ പ്രൊജക്ടുകളിലായി 27,97,060 രൂപയുടെ ചെലവുകൾ കൃഷി ഓഫീസർ നടത്തിയിട്ടുണ്ട്. എന്നാൽ പ്രൊജക്ട് നടപ്പിലാക്കി പൂർത്തീകരിച്ചതിന്റെ കൃത്യമായ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

നടപ്പിലാക്കിയ പദ്ധതി കളുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. പേര് | ബിൽ നം.തീയതി | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 121/23,കവുങ്ങ് കൃഷിക്ക് ജൈവവളം | 8/17-01-2023 | 10,012 | 3 |
| 2 | 121/23,കവുങ്ങ് കൃഷിക്ക് ജൈവവളം | 6/10-01-2023 | 73,703 | 22 |
| 3 | 121/23,കവുങ്ങ് കൃഷിക്ക് ജൈവവളം | 3/05-12-2022 | 1,76,080 | 56 |
| 4 | 121/23,കവുങ്ങ് കൃഷിക്ക് ജൈവവളം | 2/05-12-2022 | 4,01,878 | 118 |
| 5 | 120/23,തെങ്ങ് കൃഷിക്ക് ജൈവവളം | 4/05-12-2022 | 6,33,460 | 192 |
| 6 | 120/23,തെങ്ങ് കൃഷിക്ക് ജൈവവളം | 7/10-01-2023 | 92,927 | 30 |
| 7 | 120/23,തെങ്ങ് കൃഷിക്ക് ജൈവവളം | 9/17-01-2023 | 11,250 | 3 |
| 8 | 252/23,പോഷകവാടി നൂതനപദ്ധതി | 17/22-03-2023 | 10,000 | 1 |
| 9 | 252/23,പോഷകവാടി നൂതനപദ്ധതി | 18/22-03-2023 | 20,000 | 1 |
| 10 | 252/23,പോഷകവാടി നൂതനപദ്ധതി | 19/28-03-2023 | 12,000 | 1 |
| 11 | 252/23,പോഷകവാടി നൂതനപദ്ധതി | ചെക്ക് നം.1022493/28-03-2023 | 38,000 | 1 |
| 12 | 117/23,സ്ഥിര നെല്കൃഷിക്ക് ധനസഹായം | 12/23-01-2023 | 1,06,950 | 20 |
| 13 | 117/23,സ്ഥിര നെല്കൃഷിക്ക് ധനസഹായം | 1/05-12-2022 | 1,00,800 | 1 |
| 14 | 118/23,പച്ചക്കറി വികസനം | ചെക്ക് നം.1822352/13-02-2023 | 20,000 | 1 |
| 15 | 118/23,പച്ചക്കറി വികസനം | 11/03-02-2023 | 60,000 | 1 |
| 16 | 119/വാഴക്കന്ന് വിതരണം | ചെക്ക് നം.1026884 | 25,800 | 1 |
| 17 | 119/വാഴക്കന്ന് വിതരണം | 5/05-12-2022 | 1,74,200 | 1 |
| 18 | 284/കവുങ്ങ് കൃഷിക്ക് മരുന്ന് തളിക്കൽ | 13/02-03-2023 | 22,935 | 30 |
| 19 | 303/പാടശേഖര സമിതിക്ക് ടില്ലർ | 14/16-03-2023 | 2,28,865 | 1 |

| | | | | |
|---|---|---|---|---|
| | വാങ്ങൽ | | | |
| 20 | 306/പാടശേഖര സമിതിക്ക് റൈസ് മിൽ വിതരണം | 15/16-03-2023 | 48,600 | 1 |
| 21 | 287/ഇടവിളകൃഷി ഇഞ്ചി,മഞ്ഞൾവിതരണം | 16/16-03-2023 | 5,29,600 | 1 |
| ആകെ തുക | | | 27,97,060 | |

ജി.ഒ. (എം.എസ്) 115/2022 ത.സ്വ.ഭ.വ. തിയ്യതി 28-05-2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.7, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(1) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(2) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.20/22-23 തീയതി 01-08-2023 ന് മറുപടി നല്കിയിട്ടില്ല.

1-23 തെയ്യം കലാകാരന്മാർക്ക് വാദ്യോപകരണങ്ങൾ വാങ്ങൽ അപാകതകൾ

അസി.സെക്രട്ടറി നടപ്പിലാക്കിയ തെയ്യം കലാകാരന്മാർക്ക് വാദ്യോപകരണങ്ങൾ എന്ന പദ്ധതിയിൽ (പ്രോജക്ട് നം.218/23) 84,000 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 218/23,തെയ്യം കലാകാരന്മാർക്ക് വാദ്യോപകരണങ്ങൾ |
| അടങ്കൽ | ₹42,000 വികസനഫണ്ട്- പൊതു വിഭാഗം |
| | ₹37,800 തനതുഫണ്ട് |
| | ₹4200 ഗുണഭോക്തൃ വിഹിതം |
| ചെലവ് | ₹ 84,000 |
| ബിൽ നമ്പർ/ചെക്ക് നം. & തീയ്യതി | 222009520029O1405893/23 തീയതി 18-03-2023,₹42000 |
| | ചെക്ക് നം.1022494/ 23തീയതി28-03-2023,₹37800 |
| | ചെക്ക് നം.1022494/ 23തീയതി28-03-2023,₹4200 |

ഗ്രൂപ്പ് എന്ന നിലയിൽ പ്രവർത്തിക്കാൻ കഴിവും പരിചയവും പ്രവീണ്യവുമുള്ള 5 അംഗങ്ങളെങ്കിലുമുള്ള പട്ടിക ജാതി ഗ്രൂപ്പിനാണ് ധനസഹായം നല്കുന്നത്. 04.02.2023 ന് തെയ്യം കലാകാരന്മാർക്ക് വാദ്യോപകരണങ്ങൾ എന്ന പദ്ധതിയിൽ പട്ടിക ജാതി ഗ്രൂപ്പുകൾക്ക് ചെണ്ട വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത വി മനോജ്കുമാർ എന്നവരെ ചെണ്ട വിതരണം ചെയ്യുന്നതിന്

തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ചടേക്കൽ ചാമുണ്ഡേശ്വരി ദേവസ്ഥാനം എന്ന സംഘത്തിനാണ് ചെണ്ട വിതരണം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിലെ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1) ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, പട്ടിക ജാതി വികസന വകുപ്പ് എന്നിവിടങ്ങളിൽ നിന്നും മുമ്പ് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2)ചടേക്കൽ ചാമുണ്ഡേശ്വരി ദേവസ്ഥാനം സംഘം ചെണ്ടകൾ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതി ഹാജരാക്കിയിട്ടില്ല.
3) പദ്ധതിക്ക് വേണ്ടി വാങ്ങിയ ചെണ്ടകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് 31.07.2023 തീയ്യതിയിൽ ഓഡിറ്റ് എൻക്വയറി (നമ്പർ-14) നൽകുകയും ആയതിന് മറുപടി ലഭ്യമാക്കുകയുണ്ടായി. മറുപടിയിൽ 20.09.2022 തീയ്യതിയിൽ രജിസ്ട്രേഷൻ പൂർത്തീകരിച്ചതിനാലാണ് ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, പട്ടിക ജാതി വികസന വകുപ്പ് എന്നിവിടങ്ങളിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെടാതിരുന്നത് എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ പദ്ധതി നടത്തിപ്പിൽ മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുകയായ 84,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ബ്ലോക്ക് ഡയാലിസിസ് യൂണിറ്റിന് ഗ്രാമപഞ്ചായത്ത് വിഹിതം നല്കൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ പിഎച്ച്സി ബന്തടുക്ക നടപ്പിലാക്കിയ ബ്ലോക്ക് പഞ്ചായത്ത് ഡയാലിസിസ് യൂണിറ്റിന് വിഹിതം നല്കൽ എന്ന പദ്ധതിയിൽ(പ്രോജക്ട് നം.234/23) 3,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പിഎച്ച്സി ബന്തടുക്ക |
| പ്രോജക്ടിന്റെ നമ്പരും പേരും | 234/23, ബ്ലോക്ക് പഞ്ചായത്ത് ഡയാലിസിസ് യൂണിറ്റിന് വിഹിതം നൽകൽ |
| അടങ്കൽ | ₹3,00,000 തനത് ഫണ്ട് |
| ചെലവ് | ₹ 3,00,000 |
| ചെക്ക് നമ്പർ & തീയ്യതി | 5290968 തീയതി 10-01-2023, ₹3,00,000 |

പ്രോജക്ടുമായി ബന്ധപ്പെട്ട് കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന് 3,00,000 രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായി നല്കിയിട്ടുണ്ട്. തുക ലഭിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവു തുകയായ 3,00,000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 03/22-23 തീയതി 27-07-2023).

## 1-25 ടി ആർ 7എ മാതൃകയിലുള്ള ക്യാഷ്ബുക്ക് സൂക്ഷിക്കുന്നില്ല

2022-23 സാമ്പത്തിക വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥയായ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് നിർദ്ദിഷ്ട മാതൃകയില്ല. 12.04.2006ലെ ജി.ഒ(പി) നം. 177/2006/ധന ഉത്തരവ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ വരവ്-ചെലവ് വിവരം രേഖപ്പെടുത്തേണ്ടത് ടി ആർ 7 എ മാതൃകയിലുള്ള ക്യാഷ് ബുക്കിലാണ്. സർക്കാർ നിർദ്ദേശം പാലിച്ച് നിർദ്ദിഷ്ട മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നം. 15/22-2023 തീയതി 31.07.2023)

## 1-26 കേരള ഭൂജല വകുപ്പിൽ ൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

കുടിവെള്ള പദ്ധതികളുടെ നിർവഹണത്തിനായി ചുവടെ ചേർത്ത പ്രകാരം 9,25,544 രൂപ കേരള ഭൂജല വകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| 1 | പ്രോജക്ട് നം. 57/2023 -കൊരക്കോൽ കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Xvfc/2022-23 /p/23, 10.01.2023, 4,80,000 രൂപ | 03.01.2023 ലെ കരാർ പ്രകാരം പ്രവൃത്തി 31.03.2023 ന മുമ്പായി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ഫയലിൽ ലഭ്യമല്ല. |
| 2 | പ്രോജക്ട് നം. 69/2023 -അവളി എസ്.ടി കോളനിയിൽ കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Xvfc/2022-23 /p/24, 10.01.2023, 3,78,284 രൂപ | 03.01.2023 ലെ കരാർ പ്രകാരം പ്രവൃത്തി 31.03.2023 ന മുമ്പായി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ഫയലിൽ ലഭ്യമല്ല. |
| 3 | പ്രോജക്ട് നം. 55 /2023 -അർത്തുട്ടിപ്പാറ ആരോഗ്യ ഉപകേന്ദ്രം കുടിവെള്ള പുനരുദ്ധാരണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Xvfc/2022-23 /p/22, 10.01.2023, 67,260 രൂപ | 15.03.2023 ലെ കരാർ പ്രകാരം പ്രവൃത്തി 31.03.2023 ന മുമ്പായി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ഫയലിൽ ലഭ്യമല്ല. |
| | ആകെ | | 9,25,544 രൂപ | |

പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, തുകയുടെ വിനിയോഗ വിവരം എന്നിവ അറിയിക്കാൻ 02.08.2023 ലെ ഓഡിറ്റ് എൻക്വയറി നം 23 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതാണ് എന്നാണ് നൽകിയ മറുപടി. തുക നാളിതു വരെ വിനിയോഗിച്ചിട്ടില്ലാത്തതിനാൽ ആകെ നിക്ഷേപിച്ച തുക 9,25,544 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-27 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, 2017 ലെ കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവീസസ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2018ഒക്ടോബർ 1 മുതൽ 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. കൂടാതെ 1989ലെ കേരള നിർമാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ വകുപ്പ് 8 പ്രകാരം ഒരു കരാറുകാരൻ തൊഴിൽദാതാവായിരിക്കുന്ന സാഹചര്യത്തിൽ കരാറുകാരന് നൽകാനുള്ള ബിൽ തുകയിൽ നിന്ന് 1% തുക കുറവ് ചെയ്ത് ഫണ്ടിലേക്ക് അടക്കാൻ വകുപ്പിന് ബാദ്ധ്യതയുണ്ട്.

എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് 2022-23 വർഷം സാധന സാമഗ്രികൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ തെരെഞ്ഞെടുത്ത കാരറുകാർ

മുഖേനയാണ് സാധനങ്ങൾ വാങ്ങിയത്. എന്നാൽ കരാറുകാർക്കുള്ള പേയ്മെന്റ് നടത്തിയപ്പോൾ നിയമങ്ങൾ പ്രകാരം ഈടാക്കേണ്ട നികുതികളും വിഹിതങ്ങളും ഈടാക്കിയിട്ടില്ല. നികുതി, ക്ഷേമനിധി വിഹിതങ്ങൾ കുറവ് ചെയ്ത് അടക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24, തിയതി 02.08.2023) മറുപടി നൽകിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.07.2019 ലെ സർക്കുലറിലെ നിർദ്ദേശം പാലിച്ച് ജി.എസ്.ടിയും, ആദായ നികുതി നിയമപ്രകാരമുള്ള ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി നിയമപ്രകാരമുള്ള ക്ഷേമനിധി വിഹിതവും കണക്കാക്കി കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | എഫ്.ടി.ഒ നമ്പർ, തുക | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി<br>1% SGST<br>1% CGST | ഈടാക്കേണ്ടിയിരുന്ന ആദായ നികുതി | ഈടാക്കേണ്ടിയിരുന്ന ക്ഷേമനിധി വിഹിതം |
|---|---|---|---|---|---|
| 1 | പാലത്തിങ്കാൽ വീട്ടിയാടി ക്രോസ് റോഡ് കോൺക്രീറ്റ് | 01042023162618/ 01.04.1023<br>3,95,811 | 7,916 | 3,958 | 3,958 |
| 2 | പടുപ്പ് മൂടംകയ ചർച്ച് റോഡ് കോൺക്രീറ്റ് | 3006202216645/ 30.06.2022<br>3,69,096 | 7,382 | 3,691 | 3,691 |
| 3 | അത്തിയടുക്കം അങ്കണവാടി റോഡ് കോൺക്രീറ്റ് | 01042023162623/ 01.04.2023<br>3,96,934 | 7,939 | 3,969 | 3,969 |
| 4 | പള്ളത്തിങ്കാൽ പയ്യങ്ങാനം മലവേട്ടുവ കോളനി റോഡ് കോൺക്രീറ്റ് | 01042023162625/01 /04.2023<br>3,96,934 | 7,939 | 3,969 | 3,969 |
| 5 | കുളം പ്ലാവിലയ റോഡ് കോൺക്രീറ്റ് | 01042023162628/ 01.04.2023 | 7,939 | 3,969 | 3,969 |

| | | | | | |
|---|---|---|---|---|---|
| | | 3,96,934 | | | |
| 6 | കോളിക്കണ്ട് ചൊട്ടത്തോൽ റോഡ് കോൺക്രീറ്റ് | 3006202216645/ 30.06.2022 3,91,493 | 7,830 | 3,915 | 3,915 |
| 7 | മൂളിപ്പടപ്പ് വില്ലാരംവയൽ റോഡ് കോൺക്രീറ്റ് | 3006202216645/ 30.06.2022 3,79,586 | 7,592 | 3,796 | 3,796 |
| 8 | പാലാർ അനിച്ചിനടുക്കം റോഡ് സോളിംഗ് | 0807202216870/ 08.07.2022 2,95,052 | 5,901 | 2,950 | 2,950 |

പേമെന്റ് നടത്തുവാൻ ബാക്കിയുള്ള എല്ലാ പ്രവൃത്തികളുടെയും പേമെന്റ് നടത്തുമ്പോൾ ബാധകമായ നികുതി, ക്ഷേമനിധി വിഹിതങ്ങൾ കുറവ് ചെയ്ത് അടക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2022-23 | 26.07.2023 & 27.07.2023 | ഖണ്ഡിക 1-1, അനുബന്ധം 1 ആയി ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 10000 | 252/23- പോഷകവാടി നൂതന പദ്ധതി | 10000 |
| | 2022-23 | 310000 | 16/23- വനിതകൾക്ക് പശു വളർത്തൽ പദ്ധതി | 310000 |
| | 2022-23 | 200000 | 244/23-എസ്.ടി അനുപൂരക പോഷകാഹാരം | 200000 |
| | 2022-23 | 350000 | 127/23-ഗോത്ര സാരഥി-വിദ്യാർത്ഥികൾക്ക് വാഹന സൗകര്യം | 350000 |
| | 2022-23 | 600000 | 183/23-ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 600000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 20000 | 252/23- പോഷകവാടി നൂതന പദ്ധതി | 20000 |
| | 2022-23 | 106950 | 117/23- സ്ഥിര നെൽകൃഷിക്ക് ധന സഹായം | 106950 |
| | 2022-23 | 100000 | 84/23- പാലിയേറ്റീവ് പരിചരണം | 100000 |
| | 2022-23 | 153900 | 113/23-ഭിന്നശേഷി സ്കോളർഷിപ്പ് | 153900 |
| | 2022-23 | 719243 | 183/23-ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 719243 |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | അർത്തുട്ടിപ്പാറ ആരോഗ്യ ഉപകേന്ദ്രം കുടിവെള്ള പുനരുദ്ധാരണം | 22200645 തിയ്യതി 11.01.23 | 67260 | 0 | 67260 |
| | കൊരക്കോൽ കുടിവെള്ള പദ്ധതി | 22200647 തിയ്യതി 11.01.23 | 480000 | 0 | 480000 |
| | അവളി എസ്റ്റികോളനിയിൽ കുടിവെള്ളസൗകര്യം ലഭ്യമാക്കൽ | 22200646 തിയ്യതി 11.01.23 | 378284 | 0 | 378284 |
| | കൊരക്കോൽ കുടിവെള്ള പദ്ധതിക്ക് അധിക തുക വകയിരുത്തൽ | 22200655 തിയ്യതി 13.01.23 | 400000 | 0 | 400000 |
| | കൊളം കുടിവെള്ള പദ്ധതി | 22200659 തിയ്യതി 13.01.23 | 822440 | 0 | 822440 |
| | അവളി കുടിവെള്ള പദ്ധതിക്ക് അധിക തുക വകയിരുത്തൽ | 22200657 തിയ്യതി 13.01.23 | 171960 | 0 | 171960 |

| | | | | | |
|---|---|---|---|---|---|
| | ചോനോക്ക് കുടിവെള്ള പദ്ധതി | 22200657 തിയ്യതി 13.01.23 | 54280 | 0 | 54280 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലൈഫ് ഭവന പദ്ധതി | ജി.ഒ(എം.എസ്)68/2018 തസ്വഭവ, തീ 18-05-2018 | 23990000 | 23940858 (+23990000 (ഈ വർഷം ലഭിച്ചത്) ആകെ = 47930858 | 4200875 | 43729983 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് - | 1,91,44,210 |
| തൻവർഷ നിക്ഷേപം - | 11,25,285 (പലിശ തുക വീണ്ടും നിക്ഷേപിച്ചു) |
| തൻവർഷം പിൻവലിച്ച തുക- | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് - | 2,02,69,495 |

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ബാങ്ക് | അക്കൗണ്ട് നമ്പർ | നിക്ഷേപ തുക (മുന്നിരിപ്പ്) | കാലാവധി പൂർത്തിയാകുന്ന തീയതി | പലിശ | ആകെ നീക്കിയിരിപ്പ് തുക (31.03.2023) |
|---|---|---|---|---|---|---|
| 1 | കാസറഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 4018 | 239945 | 31.03.2023 | 14997 | 254942 |
| 2 | കാസറഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 4019 | 1125316 | 31.03.2023 | 70332 | 1195648 |
| 3 | കാസറഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 4020 | 700452 | 31.03.2023 | 43778 | 744230 |
| 4 | കാസറഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 4021 | 769579 | 31.03.2023 | 48099 | 817678 |

| | | | | | | |
|---|---|---|---|---|---|---|
| 5 | കുറ്റിക്കോൽ അഗ്രിക്കൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1260 | 325336 | 09.06.2023 | 21960 | 347296 |
| 6 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 39346907857 | 5258582 | 24.05.2022 | 245249 | 5503831 |
| 7 | കുറ്റിക്കോൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 12680 | 10725000 | 25.05.2022 | 680870 | 11405870 |
| ആകെ | | | 19144210 | | 1125285 | 20269495 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനാവലോകന റിപ്പോർട്ട്- വികേന്ദ്രീകൃതാ സൂത്രണവും വ്യവസായ തൊഴിൽ സംരംഭങ്ങളും | | 2013-14 | 5.5.1 | പ്രവർത്തനാവലോകന റിപ്പോർട്ട്- വികേന്ദ്രീകൃതാ സൂത്രണവും വ്യവസായ തൊഴിൽ സംരംഭങ്ങളും | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. |
| 2014-15 | 2-1, 2-2, 2-3, 2-4, 2-5 | 2016-17 | അദ്ധ്യായം 2, അനുബന്ധം-4 | തൊഴിൽ നികുതി | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. |
| 2015-16 | 2-3, 2-4, 2-5 | 2016-17 | അദ്ധ്യായം 2, അനുബന്ധം-5 | തൊഴിൽ നികുതി | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക - ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ/ഈടാക്കുവാൻ അവശേഷിക്കുന്ന തുക –

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക. നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രശീതി നമ്പർ, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക/ തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക,/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2015-16 | ഖ.3-1 | ടി.ഉഷാ കുമാരി അസി. സെക്രട്ടറി | KSA.546/ Spl.cell/ Csc/ C2/2018 | 13000 | - | - | - | - | - | 13000 | തുക ഒടുക്കിയിട്ടില്ല . |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | Dt.13.11.19 | | | | | | | | | | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,32,26,096 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,39,09,579 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 34,17,964/- |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡികനമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1,00,000 | ശ്രീമതി. സഹല പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-15 | 14,48,680 | ശ്രീ. അനിൽ കുമാർ എൻ, സെക്രട്ടറി |
| 1-16 | 24,000 | ശ്രീ. ജയൻ.പി, സെക്രട്ടറി |
| 1-18 | 88,090 | ശ്രീ. അനിൽ കുമാർ എൻ, സെക്രട്ടറി |
| 1-19 | 3,00,000 | ഡോ. അഞ്ജലി എം ജോർജ്ജ്, മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി |
| 1-20 | 97,650 | ശ്രീ. കൃഷ്ണപ്പ ബി, ഹെഡ്മാസ്റ്റർ |
| 1-21 | 50,000 | ശ്രീമതി സുനിത ഇ, വി.ഇ.ഒ |
| 1-23 | 84,000 | ശ്രീമതി ദീപ ജി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-24 | 3,00,000 | ഡോ. സുബ്രായ കെ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-26 | 9,25,544 | ശ്രീ. ഗണേശൻ കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 34,17,964 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2001-02(പ്ലാൻ) | KSA.KSD 7/199/2021(1) തിയതി 27.08.2022 | 1 |
| 2001-02(ഫൈനൽ) | LF/KSD 4/544/09 തിയതി 04.05.2009 | 2 |

| | | |
|---|---|---|
| 2002-03 | KSA.KSD 7/199/2021(2) തിയതി 27.08.2022 | 1 |
| 2003-04 | KSA.KSD 7/199/2021(3) തിയതി 27.08.2022 | 1 |
| 2004-05 | KSA.KSD 7/199/2021(4) തിയതി 27.08.2022 | 4 |
| 2005-06 | KSA.KSD 7/199/2021(5) തിയതി 27.08.2022 | 4 |
| 2006-07 | KSA.KSD 7/664(1)/2022 തിയതി 27.08.2022 | 3 |
| 2007-08 | KSA.KSD 7/664(2)/2022 തിയതി 27.08.2022 | 2 |
| 2008-09 & 2009-10 | KSA.KSD 7/664(3)/2022 തിയതി 27.08.2022 | 12 |
| 2010-11 & 2011-12 | KSA.KSD 7/664(4)/2022 തിയതി 27.08.2022 | 17 |
| 2012-13 & 2013-14 | KSA.KSD 7/664(5)/2022 തിയതി 27.08.2022 | 9 |
| 2014-15 | KSA.KSD 7/664(6)/2022 തിയതി 27.08.2022 | 10 |
| 2015-16 | KSA.KSD 7/664(7)/2022 തിയതി 27.08.2022 | 11 |
| 2016-17 | KSA.KSD 7/664(8)/2022 തിയതി 27.08.2022 | 15 |
| 2017-18 | KSA.KSD 7/664(9)/2022 തിയതി 27.08.2022 | 16 |
| 2018-19 | KSA.KSD 7/664(10)/2022 തിയതി 27.08.2022 | 17 |
| 2019-20 | KSA/KSD 7-218/2022 തിയതി 20.06.2023 | 24 |
| 2020-21 | KSA/KSD 7-632/2022 തിയതി 07.07.2023 | 20 |
| 2021-22 | KSA/KSD 7-1114/2022 തിയതി 20.05.2023 | 22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 6(3) dated 06-07-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kuttikkol Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kuttikkol Grama Panchayat for the year 2022-2023

Date: 07/10/2023

Deputy Director
District Office Kasaragod
Kerala State Audit Department

## Audit Report appended to the Audit Certificate of Kuttikkol Grama Panchayat for the Year 2022-2023.

**1.Major Observations**

1. Valuation of assets has not been done. The asset register has not been updated. There is no uptodate asset data base in the Panchayat. Hence,
the accuracy of the assets reflected in the Balance Sheet could not be commented upon.

**2.Other Observations**

1. Basic ratios as per rule 62(f) of the Kerala Panchayat Raj (Accounts) Rules, 2011 are not included in the Annual Financial Statements
2. The amount recorded as Net increase in cash and cash equivalence in the cash flow statement and the amount recorded as net cash generated by operating + investing + financing activities in the same statement do not match.
3. According to Income and Expenditure Account for 2022-23, Excess of income over expenditure is Rs 59,97,263. But as per the balance sheet as on 31.03.2023, the amount carried over to the Panchayat General Fund is

Rs.1,36,93,974. No explanations have been furnished on this difference.

4.(i) A cheque of Rs.7,250 as per Receipt Voucher No. 118010500052/22.03.2019 deposited in Account No. 2774 in Kuttikol Service Cooperative Bank has not been collected till date. In the reconciliation statement dated 31.03.2023 this cheque has also been recorded as cheques deposited but not cleared.

(ii)A cheque of Rs.7,500 deposited in State Bank of India Account No. 974 vide Receipt Voucher No. 118010500019/11.09.2018 has not been collected till date. In the reconciliation statement dated 31.03.2023, this cheque has also been recorded as cheques deposited but not cleared.

5. As per the balance sheet as on 31.03.2023, there is a liability of Rs.4,37,29,983 in respect of 330500201-Secured loan from KURDFC. But in the equivalent asset head (440500101-Prepaid program expense) only Rs.4,36,09,983 has been recorded.

6. As per Schedule B7 of the Balance Sheet as on 31.03.2023 there are deposits of Rs.8,47,012 under various heads. As per Schedule B18 there is advances amounting to Rs.17,23,107 as on 31.03.2023 But the deposit register and advance register were not updated , hence the accuracy of the amount could not be verified.

Date:07/10/2023

Deputy Director
District Audit Office Kasaragod
Kerala State Audit Department

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Kuttikkol Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5571329.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 690353.00 |
| 140000000 | Fee & User Charges | I-4 | 609343.00 |
| 150000000 | Sale & Hire Charges | I-5 | 322175.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 164429479.00 |
| 170000000 | Income from Investments | I-7 | 1125285.00 |
| 171000000 | Interest Earned | I-8 | 292540.00 |
| 180000000 | Other Income | I-9 | 4698.00 |
| 190000000 | Prior Period Income | I-19 | 5784310.00 |

| | | | |
|---|---|---|---|
| | Total Income | | 173045202.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 11529743.00 |
| 220000000 | Administrative Expenses | I-11 | 1020540.00 |
| 230000000 | Operations & Maintenance | I-12 | 1677183.00 |
| 240000000 | Interest & Finance Charges | I-13 | 9476.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6554364.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 41558429.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 10070346.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 56774122.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 41442320.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 2054800.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 110060.00 |
| | Total Expenditure | | 172801383.00 |
| | Gross Surplus / Deficit of income over Expenditure | | 243819.00 |
| | Gross Surplus / Deficit of income over Expenditure | | 5997263.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -30866.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 5753444.00 |

## അനുബന്ധം -4
## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| |
|---|
| Kuttikkol Grama Panchayat<br>RECEIPT & PAYMENT STATEMENT |
| For the period from 01-April-2022 to 31-March-2023 |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 19920936.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1093710.00 |
| 140000000 | Fees & User Charges | RP-4 | 377743.00 |
| 150000000 | Sale & Hire Charges | RP-5 | 322175.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 12476000.00 |
| 171000000 | Interest Earned | RP-9 | 292540.00 |
| 190000000 | Prior Period Income | RP-11 | 65994.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 28503420.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5411313.00 |
| 460000000 | Loans, Advances and Deposits | RP-49 | 20000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 2698.00 |

| | | | |
|---|---|---|---|
| 330000000 | Secured Loans | RP-31 | 23990000.00 |
| 340000000 | Deposits Received | RP-33 | 115090.00 |
| 350000000 | Other Liabilities | RP-35 | 555413.00 |
| | Grand total | | 93147032.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 980.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1787236.00 |
| 460000000 | Loans, Advances and Deposits | RP-49 | 538715.00 |
| | Non Operating | | |
| 330000000 | Secured Loans | RP-31 | 220000.00 |
| 340000000 | Deposits Received | RP-33 | 35266.00 |
| 350000000 | Other Liabilities | RP-35 | 71327382.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 19237453.00 |
| Cash | Cash | RP-40(b) | 0.0 |
| | | | |

| | | |
|---|---|---|
| | Grand Total | 93147032.00 |

## അനുബന്ധം -5

## ബാലൻസ് ഷീറ്റ്

Kuttikkol Grama Panchayat BALANCE

SHEET

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 23381211.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 71141356.00 |
| | Total Reserve & Surplus | | 94522567.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 21321642.00 |
| | Total Grants, Contributions for Specific Purposes | | 21321642.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 43729983.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 43729983.00 |

| | | | |
|---|---|---|---|
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 847012.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2204365.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3051377.00 |
| | TOTAL LIABILITIES | | 162625569.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 476973.00 |
| 412000000 | Capital Work in Progress | B-11(b) | 2310754.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1049370.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 15637359.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 132177524.00 |
| 416000000 | Accumulated Depreciation | B-11(a) | -76060387.00 |
| | Total Fixed Assets | | 75591593.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20269495.00 |

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 20269495.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2193938.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 43609983.00 |
| 450000000 | Cash and Bank Balance | B-17 | 19237453.00 |
| 460000000 | Loans, Advances and Deposits | B-18 | 1723107.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 66764481.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |

| | | |
|---|---|---|
| | TOTAL ASSETS | 162625569.00 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്